"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്ത് ആഫീസിലെ ക്ലാർക്ക് ശ്രീ.മുഹമ്മദ് എ.ടി യുടെ മാതാവിന്റെ ചികിത്സയ്ക്ക് കോഴിക്കോട് മിംമ്സ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.316/2023/LSGD തീയതി,തിരുവനന്തപുരം, 03-02-2023

---

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 22.04.2013-ലെ G.O.(P)No.144/2013/H&FWD നമ്പർ ഉത്തരവ്.
3. ശ്രീ.മുഹമ്മദ് എ.ടി യുടെ 09.04.2021-ലെ അപേക്ഷയും ബില്ലുകളും.
4. പഞ്ചായത്ത് ഡയറക്ടറുടെ 14.10.2022- ലെ PAN/16405/2021-F2(DP) നമ്പർ കത്ത്.
5. വേങ്ങര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.05.2021-ലെ 1 നമ്പർ തീരുമാനം.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11.10.2022-ലെ (എൽ.ഡിസ്) എം.ആർ 6 / 92565/2021/ആ.വ.ഡ നം. കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്ത് ആഫീസിലെ ക്ലാർക്ക് ശ്രീ.മുഹമ്മദ് എ.ടി യുടെ മാതാവിന്റെ ചികിത്സയ്ക്ക് കോഴിക്കോട് മിംമ്സ് ആശുപത്രിയിൽ നേരിട്ട ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (6) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,92,049/- രൂപയുടെ 80% ആയ 1,53,639/-രൂപ (ഒരു ലക്ഷത്തി അമ്പത്തി മൂവായിരത്തി അറുന്നൂറ്റി മുപ്പത്തി ഒൻപത് രൂപയാണ്) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തു. മേൽ തുക വേങ്ങര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം

പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്ത് ആഫീസിലെ ക്ലാർക്ക് ശ്രീ.മുഹമ്മദ് എ.ടി യുടെ മാതാവിന്റെ ചികിത്സയ്ക്ക് കോഴിക്കോട് മിംമ്സ് ആശുപത്രിയിൽ നേരിട്ട ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾ പ്രകാരം 21.01.2021 മുതൽ 02.02.2021 വരെയുള്ള പ്രസ്തുത ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരുന്ന തുകയായ 1,92,049/- രൂപയുടെ 80% ആയ 1,53,639/-രൂപ (ഒരു ലക്ഷത്തി അമ്പത്തി മൂവായിരത്തി അറുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ വേങ്ങര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷൈജ സി ജി**

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം .(പഞ്ചായത്ത് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
സെക്രട്ടറി, വേങ്ങര ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.
ശ്രീ.മുഹമ്മദ് എ.ടി,ക്ലാർക്ക്, വേങ്ങര ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (നം.222/EPA3/2022 /LSGD).

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.